<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213</u> <u>10-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.യുടെ എ.ഡി.എസ്. ഫണ്ടും കിഫ്ബി ഫണ്ടും സംയോജിപ്പിച്ച് പാറശ്ശാല മണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി തെരെഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എം.എൽ.എ.യുടെ എ.ഡി.എസ്. ഫണ്ടിൽ നിന്നും എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പദ്ധതികളുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ; | (ബി) | 50% കിഫ്ബി ഫണ്ടും 50 % എം.എൽ.എ ആസ്തി വികസന ഫണ്ടും തുല്യമായി ഉപയോഗിക്കുന്ന പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിനായി 1,31,65,248/- രൂപയും ഉപകരണത്തിനായി 44,31,500/- രൂപയും ചേർത്ത് ആകെ 1,75,96,748/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ നിലവിൽ സൂപ്പർ സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (സി) | പാറശ്ശാല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (സി) | പാറശ്ശാല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുന്നതിനായി അതിന്റെ റീട്ടെയിനിംഗ് വാളുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. നിർദ്ദിഷ്ട സ്ഥലത്ത് ഉണ്ടായിരുന്ന അധിക മണ്ണ് നീക്കം ചെയ്യുകയും സെറ്റ് ഔട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ